# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1041

10.06.2019-ലെ മറുപടി

### ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പുനരാംരംഭിച്ചിട്ടുള്ള ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിലെ പുരോഗതി വിശദമാക്കാമോ; | (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ മീനാട്, ചിറക്കര, പരവൂർ പാർട്ട്, പൂയപ്പള്ളി എന്നീ വില്ലേജുകളിലെ പണികൾ പൂർത്തീകരിച്ചു. പൂതക്കുളം വില്ലേജിൽ 8 കിലോ മീറ്ററും ആദിച്ചനല്ലൂരിൽ 1.4. കിലോമീറ്ററും പരവൂർ മുനിസിപ്പാലിറ്റിയിൽ 4.8 കിലോമീറ്ററും പൈപ്പുകൾ സ്ഥാപിക്കുവാൻ ഉള്ള പണികൾ അവശേഷിക്കുന്നുണ്ട്. പ്രസ്തുത പണികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ടി പദ്ധതി പൂർത്തികരിച്ച് ജല വിതരണം നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | പൂയപ്പള്ളി, ചിറക്കര, ചാത്തന്നൂർ എന്നീ പഞ്ചായത്തുകളിലെ ജിക്കാ മീനാട് കുടിവെള്ള പദ്ധതിയുടെ പണികൾ പൂർത്തീകരിച്ച് ജലവിതരണം നടത്തുന്നുണ്ട് . |
| (സി) | പരവൂർ നഗരസഭയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന ജോലികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (സി) | പരവൂർ നഗരസഭയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പഴയ കരാറുകാരൻ സ്ഥാപിക്കാതെ പോയ 4800 മീറ്റർ പൈപ്പ് ലൈനുകൾ ഗ്യാപ്പ് കണ്ടുപിടിച്ച് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇതിൽ 700 മീറ്ററോളം ഗ്യാപ്പ് കണ്ടുപിടിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതിയുടെ പ്രധാന ഭാഗമായ റെയിൽവേ ലൈൻ ക്രോസ് ചെയ്തു പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (ഡി) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ടി പദ്ധതിയുടെ പണി പൂർത്തീകരിക്കാനുണ്ടെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (ഡി) | ആദിച്ചനല്ലൂർ, പൂതക്കുളം, എന്നീ വില്ലേജുകൾ പരവൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ പണികൾ പൂർത്തീകരിക്കാനുണ്ട്. ഈ പണികൾ 2020 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**